പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5574 28.07.2015 - ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) | നിലവിലുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും 1 മുതൽ 7-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3000/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 4000/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം ടി പദ്ധതിയിലൂടെ നൽകി വരുന്നു. |
| (ബി) | ഈ ഇനത്തിൽ എത്ര കുട്ടികൾക്ക് ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ബി) | പദ്ധതിയിലൂടെ 2011-12 അദ്ധ്യയന വർഷം 2563 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 65,50,025/- രൂപയും 2012-13 അദ്ധ്യയന വർഷം 2521 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 66,86,450/- രൂപയും 2013-14 അദ്ധ്യയനവർഷം 2698 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 67,59,900/- രൂപയും 2014-15 അദ്ധ്യയന വർഷം 2334 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 68,52,300/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2015-16- ലെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ എങ്കിൽ എത്ര ; വിശദാംശങ്ങൾ അറിയിയ്ക്കുമോ; | (സി) | ഈ ഇനത്തിൽ കുടിശ്ശിക നൽകുവാനില്ല. |
| (ഡി) | പ്രസ്തുത കുടുംബങ്ങളിലെ അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളേയും മേൽ പദ്ധതിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിന് പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിയ്ക്കുമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ